GO(Rt)No500/15/SCSTDD
dt 20/3/15

5042
8/5/15

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള സുബലാ ടൂറിസം പാർക്ക് പദ്ധതിയ്ക്കാവശ്യമായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം. 497 /2015/പജപവവിവ തീയതി, തിരുവനന്തപുരം.20/03/2015**

===========================================================

**പരാമർശം:**

1. 16/02/2015 പ്ലാനിംഗ് ബോർഡ് ഡയറക്ടറുടെ SPB/79/2015 BPB നമ്പർ കത്ത്.
2. സ.ഉ.(സാധാ) നമ്പർ 375/2015/പജപവവിവ തീയതി. 6.03.2015
3. 12/03/15 ലെ പജപവവിവ ഡയറക്ടറുടെ പി.2.11035/14-ാം നമ്പർ കത്ത്.
4. 17/03/15 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിലെ 18 -ാം നമ്പർ തീരുമാനം.

സൂചന(2) ലെ സർക്കാർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിലെ പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള സുബലാ പാർക്കിന്റെ നവീകരണത്തിന് പട്ടികജാതി വികസന വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ, ടി പദ്ധതിയ്ക്കായുള്ള തുക PWDയെക്കൊണ്ട് സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷം പദ്ധതി തുക അനുവദിക്കാമെന്ന നിർദ്ദേശത്തോടെ തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ ടി പ്രൊപ്പോസലിൽ പ്ലാനിംഗ് ബോർഡ് പരാമർശം (1) പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്ന മറ്റ് നിബന്ധനകൾ മേൽ വിവരിച്ച ധനകാര്യ വിശകലനത്തിന് ശേഷം മാത്രം ഭരണാനുമതി ഉത്തരവിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചിരിക്കുന്നു.

2. ഇപ്പോൾ പ്രസ്തുത സുബല പാർക്കിന്റെ പ്രോജക്ട് തുക PWD യ്ക്ക് പകരം ടി പാർക്ക് നിലനിൽക്കുന്ന മുൻസിപ്പൽ പ്രദേശത്തെ തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ വെറ്റ് ചെയ്തത് പത്തനംതിട്ട ജില്ലാ കളക്ടർ സമർപ്പിച്ചതായും ആയത് പ്രകാരം **4,96,59,215/-** രൂപ പട്ടികജാതി വികസനവകുപ്പിന്റെ പൂൾഡ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി പട്ടികജാതി വികസന ഡയറക്ടർ സമർപ്പിക്കുകയുണ്ടായി. പദ്ധതികളുടെ വിവിധ കംപോണന്റുകൾ ഒരേ സമയം തുടങ്ങേണ്ടതിനാൽ പദ്ധതിയ്ക്കാവശ്യമായ മുഴുവൻ തുകയും നിർമ്മാണ ഏജൻസിയ്ക്ക് കൈമാറണമെന്ന് പത്തനംതിട്ട ജില്ലാകളക്ടർ അഭ്യർത്ഥിച്ചിട്ടുള്ളതായും അപ്രകാരം കൈമാറിയാൽ മാത്രമേ പദ്ധതി ആരംഭിക്കാൻ കഴിയൂ എന്നും പട്ടികജാതി വികസന ഡയറക്ടർ അറിയിച്ചിരുന്നു.

പദ്ധതി തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## 8. Component Cost and Abstract Estimate

**Abstract estimate of Destination development: Subhala Park**

| Sl.No. | Description of item | Amount (in Rs.) |
|---|---|---|
| 1 | Exibition Space 1 | 1801513 |
| 2 | Exibition Space 2 | 1801513 |
| 3 | Renovation of Convention Building | 1620499 |
| 4 | Demolition of Existing work shed | 47514 |
| 5 | Parking area and concrete pavement | 784695 |
| 6 | Interlocking Block Pathways | 1944564 |
| 7 | Water body edge treatment with retaining wall | 3676606 |
| 8 | Concrete Benches and boundary wall | 1410073 |
| 9 | Commercial cum comfort station | 4448562 |
| 10 | Boating office | 892066 |
| 11 | Open Plaza | 4324306 |
| 12 | OAT Green Room | 928266 |
| 13 | Cafeteria | 2309361 |
| 14 | 6D Theatre and Gaming zone | 6991024 |
| 15 | Gate way | 569628 |
| 16 | Proposed covered water drain channel | 642432 |
| 17 | Bridge and culverts | 6218779 |
| 18 | High mast lights | 2592000 |
| 19 | Solar lights | 200000 |
| 20 | Horticulture | 2142000 |
| 21 | Children's Park and Play Equipments | 100000 |
| 22 | Landscaping with garden grass | 2281600 |
| 23 | Hedgerows and shrubberies | 445400 |
| 24 | Trees and foliage design | 250000 |
| 25 | Electrification and yard lighting | 1000000 |
| 26 | Consultancy Charges (2.5%) | 1207560 |
| 27 | Service Tax (12.36% of Consultancy charges) | 149254 |
| | **Grand Total** | **496,59,215** |

3. പ്രസ്തുത ശുപാർശ 17/03/15 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുകയും,, പത്തനംതിട്ട തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ സൂക്ഷ്മ പരിശോധന നടത്തി അംഗീകരിച്ച പ്രൊപ്പോസൽ പരാമർശം (1) ലെ സർക്കാർ ഉത്തരവിൽ വിശദീകരിച്ചിട്ടുള്ള പ്ലാനിംഗ് ബോർഡിന്റെ നിർദ്ദേശങ്ങൾക്കും ധനകാര്യവകുപ്പിന്റെ G.O.(P)Fin 48/15-ാം നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കു വിധേയമായി അനുമതി നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

4. വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പിലെ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ അധീനതയിലുള്ള സുബല പാർക്കിന്റെ നവീകരണത്തിനായി **4,96,59,215/-** രൂപ (നാലു കോടി തൊണ്ണൂറ്റിയാറ് ലക്ഷത്തി അൻപത്തൊൻപതിനായിരത്തി ഇരുന്നൂറ്റി പതിനഞ്ച്) വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് നിഷ്ക്കർഷിച്ച നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഇതിലേയ്ക്ക് ആവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തിലെ 2225 - 01 -800 -26 പൂൾഡ് ഫണ്ട് എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.പി.രമാദേവി
അഡീഷണൽ സെക്രട്ടറി

*ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം*
*പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്&ജി സെക്ടർ), (ഇ&ആർ സെക്ടർ) കേരള, തിരുവനന്തപുരം.*
*ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, ആസൂത്രണ ബോർഡ്, തിരുവനന്തപുരം.*
*ധനകാര്യ വകുപ്പ്.*
*ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഐ & പിആർഡി. തിരുവനന്തപുരം.*
*കരുതൽ ഫയൽ/ഓഫീസ് കോപ്പി.*

ഉത്തരവിൻ പ്രകാരം

Bal K.T

സെക്ഷൻ ഓഫീസർ

*പകർപ്പ്: പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എസ്) വകുപ്പ്*
*(അറിവിലേക്ക്)*